ലോവർ ഡി. പി. സി.

31-10-2003, 9-1-2004, 31-3-2004, 28-5-2004.

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിന് ഇതിന്റെ ഫീഡർ കാറ്റഗറിയായ ലക്ചറർ തസ്തികയിലെ നിയമനത്തിന് ഡി. പി. സി. കൂടണമായിരുന്നു. ഈ ഡി. പി. സി. 9-1-2004 ലാണ് കൂടിയത്. 6-7-2004-ൽ കൂടിയ ഡി. പി. സി. ഈ വിഷയം മാറ്റി വച്ചിരിക്കുകയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

സിഡ്കോയ്ക്ക് ഫർണിച്ചർ ഇനത്തിൽ കൊടുക്കുവാനുള്ള തുക

122 [3513] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ്, കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്റർ സൂപ്രണ്ടിന്റെ ഓഫീസ്, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസ് എന്നിവിടങ്ങളിലെ ആവശ്യത്തിനായി സിഡ്കോ മുഖേന വിവിധയിനം ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ടോ;

(ബി) 11-6-1993 മുതൽ നൽകിയിട്ടുള്ള ഫർണിച്ചറിന്റെ വിലയിനത്തിൽ സിഡ്കോയ്ക്ക് പതിനാറു ലക്ഷത്തോളം രൂപ കൊടുക്കുവാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തുക ഇതുവരെ കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) തുക ഉടനടി കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7,85,060 രൂപ സിഡ്കോയ്ക്ക് കൊടുക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) തുക എത്രയും വേഗം കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly